# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2298 — 08.07.2015-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | അട്ടപ്പാടിയിൽ വിവിധ രോഗകാരണങ്ങളാലും പോഷകക്കുറവുമൂലവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ ; | (എ) | അട്ടപ്പാടിയിൽ 2013 മുതൽ വിവിധ കാരണങ്ങളാൽ ഉണ്ടായ ശിശു മരണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br>2013 - 31<br>2014 - 15<br>2015 - 7 (22.06.2015 വരെ) |
| (ബി) | ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്ത ഓരോ ശിശു മരണവും ആരോഗ്യ വകുപ്പ് പ്രത്യേകമായി അന്വേഷണ വിധേയമാക്കുന്നുണ്ട്. ഗർഭിണികളുടെ പോഷണക്കുറവ്, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, നേരത്തെയുള്ള പ്രസവം, തൂക്കക്കുറവ്, അണുബാധ തുടങ്ങിയ കാരണങ്ങളാലാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ കുഞ്ഞുങ്ങളുടെ കാര്യത്തിൽ അമ്മമാർക്ക് വേണ്ട ഗർഭകാല പരിചരണവും കുഞ്ഞുങ്ങൾക്ക വേണ്ട ഫീൽഡ് തല പരിശോധനകളും പരിചരണവും ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങളും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ